# PSC Nursery School Teacher - Sc Development Examination Previous Year Question Paper

***Exam Name:** Nursery School Teacher - Sc Development*

***Date of Test : 13.01.2015***

***Question Paper Code: 151/2015***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

**151/2015**

Maximum : 100 marks

Time : 1 hour and 15 minutes

1. 2010 ഏപ്രിൽ ഒന്നിന് ഇന്ത്യയിൽ ഉടനീളം വിദ്യാഭ്യാസ അവകാശ നിയമം നിലവിൽ വന്നു. ഒരു സംസ്ഥാനത്തിന് മാത്രം വന്നില്ല. ഏതാണ് ആ സംസ്ഥാനം?
   - (A) തമിഴ്നാട്
   - (B) നാഗാലാന്റ്
   - (C) ജമ്മു-കാശ്മീർ
   - (D) മണിപ്പൂർ

2. 'എമിലി' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാരാണ്?
   - (A) ഫ്രോബൽ
   - (B) റൂസ്സോ
   - (C) പെസ്റ്റലോസി
   - (D) കൊമീനിയസ്

3. "ന്യൂതൻ ബാൽ ശിക്ഷൻ സംഘ്" തുടങ്ങിയത് ആരൊക്കെ ചേർന്നാണ്?
   - (A) ഗാന്ധിജിയും സക്കീർ ഹുസൈനും
   - (B) നെഹ്റുവും പട്ടേലും
   - (C) നെഹ്റുവും സരോജിനി നായിഡുവും
   - (D) താരാഭായ് മോദക്കും ഗിജുഭായ് ബധേക്കയും

4. വികസനത്തിന്റെ ആദ്യ വർഷങ്ങളിൽ ഏതു ഗ്രന്ഥിയുടെ പ്രവർത്തന മാന്ദ്യമാണ് കായികവും മാനസികവുമായിട്ടുള്ള വളർച്ചയെ മുരടിപ്പിക്കുന്നത്?
   - (A) തൈറോയ് ഗ്രന്ഥി
   - (B) തൈമസ് ഗ്രന്ഥി
   - (C) ലൈംഗിക ഗ്രന്ഥി
   - (D) പിറ്റ്യൂട്ടറി ഗ്രന്ഥി

5. ആശയ രൂപീകരണത്തിന് പ്രവർത്തന ഘട്ടം, രൂപാത്മക ഘട്ടം, പ്രതീകാത്മക ഘട്ടം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളുണ്ടെന്ന് പ്രസ്താവിച്ചതാരാണ്?
   - (A) സ്കിന്നർ
   - (B) ബ്രൂണർ
   - (C) ചോംസ്കി
   - (D) വിഗോഡ്സ്കി

6. ഗുരുകുലത്തിൽ പ്രവേശനം നല്കും മുമ്പ് ക്ഷത്രിയ വിദ്യാർത്ഥികൾക്ക് ഉപനയനം ചടങ്ങു നടത്തിയിരുന്നത് എത്ര വയസ്സിൽ?
   - (A) 11
   - (B) 5
   - (C) 8
   - (D) 12



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

7. കൈയ്യിൽ കിട്ടുന്ന പ്രസക്ത സാമഗ്രികൾ ഉപയോഗിച്ചുള്ള ഒരു പ്രയോഗമാണ് :
   (A) കളരിപ്രയോഗം
   (B) നസ്യം
   (C) പ്രഥമ ശുശ്രൂഷ
   (D) ഒറ്റമൂലി

8. നാഡീ വളർച്ചയും വികാസവും മനസ്സിലാക്കുന്നതിന് സഹായിക്കുന്ന ഒരാശയമാണ് :
   (A) ഏകീകരണം
   (B) ബിംബാലേഖനം
   (C) ധ്രുവീകരണം
   (D) കനാലീകരണം

9. പഠനത്തോടൊപ്പം നടക്കുന്ന മൂല്യ നിർണ്ണയം ഏത്?
   (A) സംരചനാ മൂല്യ നിർണ്ണയം
   (B) ആത്യന്തിക മൂല്യ നിർണ്ണയം
   (C) താത്പര്യമാപനം
   (D) മനോഭാവ മൂല്യ നിർണ്ണയം

10. അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടവരുടെ പരമാവധി എണ്ണം എത്ര?
   (A) 20
   (B) 15
   (C) 18
   (D) 16

11. രോഗാണു കയറിക്കൂടിയശേഷം രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നതുവരെയുള്ള ഘട്ടമാണ് :
   (A) കോൻവയിൽസെന്റ് സ്റ്റേജ്
   (B) ആക്ടീവ് സ്റ്റേജ്
   (C) ഇൻകുബേഷൻ സ്റ്റേജ്
   (D) ഇൻഫക്ഷൻ സ്റ്റേജ്

12. കർഷകബാലൻ അച്ഛനിൽ നിന്നും കൃഷിയെപ്പറ്റി പഠിക്കുന്നതാണ് :
   (A) ഔപചാരിക വിദ്യാഭ്യാസം
   (B) അനൗപചാരിക വിദ്യാഭ്യാസം
   (C) മിനിമം ലെവൽ ഓഫ് ലേണിംഗ്
   (D) യാദൃച്ഛിക വിദ്യാഭ്യാസം

13. ജോൺ ഡ്യൂയി അദ്ദേഹത്തിന്റെ പരീക്ഷണ വിദ്യാലയം സ്ഥാപിച്ച വർഷം :
   (A) 1896
   (B) 1892
   (C) 1902
   (D) 1908

14. യുദ്ധക്കെടുതികൾക്കിരയായ കുട്ടികൾക്കുവേണ്ടി UNO സ്ഥാപിച്ച ഏജൻസി ഏത്?
   (A) UNDP
   (B) WHO
   (C) UNESCO
   (D) UNICEF

15. "ഡിസ്ലെക്സിയ" എന്താണ്?
   (A) ശ്രവണ വൈകല്യം
   (B) ഭാഷണ വൈകല്യം
   (C) ലേഖന വൈകല്യം
   (D) വായനാ വൈകല്യം



Join PSC WhatsApp Broadcast List : 90747 20773

16. ആരുടെ കണ്ടെത്തലാണ് പൗരാണികാനുബന്ധനം (classical conditioning) എന്നറിയപ്പെടുന്നത്?
(A) വാട്സൻ (B) വെർത്തിമീർ
(C) പാവ്ലോവ് (D) സ്കിന്നർ

17. ഗാന്ധിജിയുടെ 'അടിസ്ഥാന വിദ്യാഭ്യാസം' എന്നറിയപ്പെടുന്ന വിദ്യാഭ്യാസ പദ്ധതിയുടെ മറ്റൊരു പേര് :
(A) വാർദ്ധാ പദ്ധതി (B) പോർബന്തർ പദ്ധതി
(C) ആഫ്രിക്കൻ പദ്ധതി (D) സബർമതി പദ്ധതി

18. പ്രായോഗിക വാദത്തിന്റെ ഉപജ്ഞാതാവാര്?
(A) കിൽപാട്രിക് (B) ജോൺ ഡ്യൂയി
(C) വില്യം ജയിംസ് (D) ചാൾസ് പിയേഴ്സ്

19. സംജ്ഞാപഠനം എന്ന ആശയം ആവിഷ്കരിച്ചതാര്?
(A) ബ്രൂണർ (B) ഗാഗ്നെ
(C) പിയാഷെ (D) ടോൾമാൻ

20. ഏതാണ് ഓർമ്മശക്തിയെ നിർണ്ണയിക്കുന്ന ഘടകങ്ങളിൽ പെടാത്തത്?
(A) വസ്തുവിന്റെ സ്വഭാവം (B) ബുദ്ധിശക്തി
(C) പാരമ്പര്യം (D) താല്പര്യം

21. താഴെപ്പറയുന്നവയിൽ സഹവൈജ്ഞാനികമേഖലയിൽ പെടുന്നതെന്ത്?
(A) ഇംഗ്ലീഷ് (B) മലയാളം
(C) കണക്ക് (D) ഇതൊന്നുമല്ല

22. "വിദ്യാർത്ഥികൾക്കുള്ള ശരിയായ പാഠപുസ്തകം അവരുടെ അദ്ധ്യാപകരാണ്" - ആരു പറഞ്ഞു?
(A) സ്വാമി വിവേകാനന്ദൻ (B) ശങ്കരാചാര്യർ
(C) ഗാന്ധിജി (D) എ.പി.ജെ. അബ്ദുൾ കലാം

23. CABE (Central Advisory Board of Education) ന്റെ അദ്ധ്യക്ഷൻ താഴെപ്പറയുന്നവരിൽ ആരാണ്?
(A) കേന്ദ്ര വിദ്യാഭ്യാസമന്ത്രി
(B) കേന്ദ്ര മനുഷ്യ വിഭവശേഷി വികസന മന്ത്രി
(C) രാഷ്ട്രപതി
(D) ഉപരാഷ്ട്രപതി



Join PSC WhatsApp Broadcast List : 90747 20773

24. മിനിസ്ട്രി ഓഫ് വിമൻ ആന്റ് ചിൽഡ്രൻ ഡെവലപ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് :
   (A) NCERT (B) NCTE
   (C) NIPCCD (D) CSWB

25. താഴെപ്പറയുന്നവയിൽ ആത്മീയ ജീവിതത്തിന്റെ സാക്ഷാത്കാരത്തിന് ഊന്നൽ നൽകുന്നത് ഏതു വാദമാണ്?
   (A) ആദർശവാദം (B) പ്രകൃതിവാദം
   (C) പ്രായോഗികവാദം (D) യാഥാർത്ഥ്യവാദം

26. യുനസ്കോയിൽ അംഗങ്ങളായ 89 രാഷ്ട്രങ്ങളിലെ വിദ്യാഭ്യാസവിദഗ്ദ്ധർ ചേർന്ന് 1965 സെപ്റ്റംബറിൽ ടെഹ്റാനിൽ നടത്തിയ ഒരു സമ്മേളനത്തിന്റെ ഫലമായിരുന്നു ഈ ആശയം. ഏത്?
   (A) വയോജന വിദ്യാഭ്യാസപരിപാടി (B) കർഷക പ്രത്യുന്മുഖ സാക്ഷരതാപരിപാടി
   (C) സാമൂഹിക വിദ്യാഭ്യാസപരിപാടി (D) അനൗപചാരിക വിദ്യാഭ്യാസപരിപാടി

27. താഴെപറയുന്നവയിൽ ഏതു സ്ഥാപനമാണ് പ്രൈമറി സ്കൂൾ അദ്ധ്യാപകരെ അദ്ധ്യയനകാര്യങ്ങളിൽ സഹായിക്കുന്നത്?
   (A) ബി.ആർ.സി. (B) സി.ആർ.സി.
   (C) ഡയറ്റ് (D) എസ്.സി.ഇ.ആർ.ടി.

28. ശേഷികളെ അടിസ്ഥാനമാക്കിയുള്ള ബോധനവും പഠനവുമാണ് ഇതിന്റെ കേന്ദ്രബിന്ദു :
   (A) എം.എൽ.എൽ. (B) ഡി.പി.ഇ.പി.
   (C) എസ്.എസ്.എ. (D) ആർ.എം.എസ്.എ.

29. ഏതു ജീവകത്തിന്റെ കുറവുകൊണ്ടാണ് നിശാന്ധത ഉണ്ടാകുന്നത്?
   (A) ജീവകം കെ (B) ജീവകം സി
   (C) ജീവകം ഡി (D) ജീവകം എ

30. എ.ഡി. 427 ൽ സ്ഥാപിതമായ സർവ്വകലാശാല ഏത്?
   (A) ഓക്സ്ഫോർഡ് (B) നളന്ദ
   (C) ബൊലോഗ്നെ (D) നേപ്പിൾസ്

31. ഇന്ത്യയിൽ സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യ നഗര സഭ ഏത്?
   (A) കൊൽക്കത്ത (B) തിരുവനന്തപുരം
   (C) കോട്ടയം (D) എറണാകുളം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

32. കൂട്ടത്തിൽപെടാത്ത മനഃശാസ്ത്രജ്ഞൻ ആര്?

(A) ബ്രൂണർ
(B) ബന്ദൂര
(C) ചോംസ്കി
(D) വൈഗോട്സ്കി

33. ഹെപ്പാരിൻ നിർമ്മിക്കപ്പെടുന്നത് ഈ അവയവത്തിലാണ് :

(A) കരൾ
(B) മസ്തിഷ്കം
(C) ചെറുകുടൽ
(D) വൻകുടൽ

34. 'ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ' - ആരുടെ കൃതി?

(A) ഇ.എം.എസ്.
(B) പ്രൊഫ. പി.എസ്. വേലായുധൻ
(C) തായാട്ട് ശങ്കരൻ
(D) എൻ. ശങ്കരൻ നായർ

35. എലിച്ചെള്ള് പരത്തുന്ന രോഗം ഏത്?

(A) എലിപ്പനി
(B) മലമ്പനി
(C) റൂബെല്ല
(D) പ്ലേഗ്

36. പല്ലിന്റെ ഇനാമലിനു ബലം നൽകുന്നത് ഈ വസ്തുവാണ് :

(A) കാത്സ്യം
(B) ഫ്ലൂറിൻ
(C) സോഡിയം
(D) മഗ്നീഷ്യം

37. ഉദ്ഗ്രഥിക പഠനരീതി ഏതു മനഃശാസ്ത്രശാഖയോടു അടുത്തു നിൽക്കുന്നു?

(A) ചേഷ്ടാവാദം
(B) ജ്ഞാനനിർമ്മിതിവാദം
(C) ഗസ്റ്റാൾത്ത് മനഃശാസ്ത്രം
(D) മാനവികതാവാദം

38. വേദകാലത്ത് ശിശുവിന്റെ ആദ്യ വിദ്യാലയം ഏതായിരുന്നു?

(A) ഗൃഹം
(B) ആശ്രമം
(C) ഓത്തുപള്ളിക്കൂടം
(D) ഗുരുകുലം

39. "വാക്കുകൾക്കു മുമ്പ് വസ്തുക്കൾ" എന്നു നിർദ്ദേശിച്ചതാര്?

(A) നെഹ്റു
(B) കൊമീനിയസ്സ്
(C) കൺഫ്യൂഷ്യസ്
(D) സിൽവിയ ആസ്റ്റൻവാർനർ

40. ജനനസമയത്ത് ശിശുവിന്റെ ശിരസ്സിന്റെ നീളം മൊത്തം ശരീര ഉയരത്തിന്റെ :

(A) രണ്ടിലൊന്നോളം കാണും
(B) മൂന്നിലൊന്നോളം കാണും
(C) നാലിലൊന്നോളം കാണും
(D) മൂന്നിൽ രണ്ടോളം കാണും



Join PSC WhatsApp Broadcast List : 90747 20773

41. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി കൂടേണ്ട കാലയളവ് :
   (A) മാസത്തിൽ ഒരു തവണ
   (B) മൂന്നാഴ്ചയിൽ ഒരിക്കൽ
   (C) രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും
   (D) മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും

42. കുട്ടികൾ തെറ്റു ചെയ്യാനൊരുങ്ങുമ്പോൾ "അരുത്" എന്ന് അവരെ തടയണം - ഇതാണ് :
   (A) ആദർശവിദ്യാഭ്യാസം
   (B) പ്രായോഗികവിദ്യാഭ്യാസം
   (C) ധർമ്മബോധം
   (D) നെഗറ്റീവ്വിദ്യാഭ്യാസം

43. എന്താണ് ലിബിഡോ?
   (A) ക്രോധം
   (B) മോഹം
   (C) ലൈംഗികാഭിലാഷം
   (D) മാത്സര്യം

44. മോണ്ടിസ്സോറി വിദ്യാലയത്തിൽ പഠിച്ചിരുന്ന കുട്ടികളുടെ പ്രായഘടന :
   (A) മൂന്നു മുതൽ അഞ്ചു വരെ
   (B) മൂന്നര മുതൽ എട്ടു വരെ
   (C) രണ്ടു മുതൽ ആറു വരെ
   (D) രണ്ടര മുതൽ ഏഴു വരെ

45. എന്താണ് ഓസ്റ്റിയോ സർക്കോമ?
   (A) എല്ലിൽ വരുന്ന കാൻസർ
   (B) മജ്ജയിൽ വരുന്ന കാൻസർ
   (C) സ്തനത്തിൽ വരുന്ന കാൻസർ
   (D) വൃഷണത്തിൽ വരുന്ന കാൻസർ

46. ഏതാണ് സ്യഷ്ട്യുന്മുഖവികാരം?
   (A) കോപം
   (B) ഭയം
   (C) ആഹ്ലാദം
   (D) ഈർഷ്യ

47. തുടർ പ്രവർത്തനങ്ങൾക്ക് വ്യക്തമായ സൂചന നൽകുന്നതായിരിക്കണം :
   (A) കരിക്കുലം
   (B) മൂല്യനിർണ്ണയം
   (C) ക്ലാസ്സ്റൂം
   (D) പാഠപുസ്തകം

48. ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ ഭാഷാനൈപുണികൾ വികസിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം :
   (A) ഒ.എച്ച്.പി.
   (B) ചാർട്ടുകൾ
   (C) ഡിസ്പ്ലേ ബോർഡ്
   (D) ലാംഗ്വേജ് ലാബ്

49. ഉദ്ഘാടനം, പഠനയാത്രകൾ തുടങ്ങിയ പ്രത്യേക സംഭവങ്ങൾ വസ്തുനിഷ്ഠമായി രേഖപ്പെടുത്തുന്നത് എന്തിലാണ്?
   (A) സ്കൂൾ കലണ്ടറിൽ
   (B) സർവ്വീസ് ബുക്കിൽ
   (C) ലെഡ്ജറിൽ
   (D) ലോഗ് ബുക്കിൽ



Join PSC WhatsApp Broadcast List : 90747 20773

50. കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ പ്രിസഡന്റ് ആരാണ്?

(A) മുഖ്യമന്ത്രി
(B) സാമൂഹ്യക്ഷേമവകുപ്പു മന്ത്രി
(C) വിദ്യാഭ്യാസ മന്ത്രി
(D) തദ്ദേശ സ്വയംഭരണ കാര്യമന്ത്രി

51. കുട്ടികളെ 'ടാബുലാറാസകൾ' എന്നു സംബോധന ചെയ്ത ചിന്തകൻ ആര്?

(A) സ്പെൻസർ
(B) ഹെർബാർട്ട്
(C) ജോൺ ലോക്ക്
(D) കൊമീനിയസ്

52. സ്വകാര്യ വിദ്യാലയങ്ങളിലെ രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കേണ്ട ചുമതല :

(A) മാനേജർക്കാണ്
(B) ഹെഡ്മാസ്റ്റർക്കാണ്
(C) ക്ലാർക്കിനാണ്
(D) സീനിയർ അസിസ്റ്റന്റിനാണ്

53. സദാചാര സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നതാര്?

(A) കോൾബർഗ്
(B) മാസ്‌ലോ
(C) ഓഷോ
(D) യുങ്ങ്

54. എന്തിന്റെ അഭാവത്താലാണ് രക്തം കട്ടപിടിക്കാതെ വാർന്നൊഴുകുന്നത്?

(A) ജീവകം എ
(B) ജീവകം ബി
(C) ജീവകം ഇ
(D) ജീവകം കെ

55. അദ്ധ്യാപകർക്ക് ജോലി സുരക്ഷിതത്വവും വേതന നിരക്കും നിശ്ചയിച്ച വിദ്യാഭ്യാസ മന്ത്രി ആര്?

(A) എം.എ. ബേബി
(B) ജോസഫ് മുണ്ടശ്ശേരി
(C) ടി.എം. ജേക്കബ്ബ്
(D) അബ്ദുറബ്ബ്

56. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പായ DPT ഏതു രോഗങ്ങളെ പ്രതിരോധിക്കുവാനാണ് എടുക്കുന്നത്?

(A) ഡിഫ്തീരിയ, പെർട്ടൂസിസ്, തൈറോയ്ഡ്
(B) ഡയറിയ, പെല്ലാഗ്ര, ടെറ്റനസ്
(C) ഡിഫ്തീരിയ, പെർട്ടൂസിസ്, ടെറ്റനസ്
(D) ഡിഫ്തീരിയ, പോളിയോ, ടെറ്റനസ്

57. 1974 ൽ അനൗപചാരിക വിദ്യാഭ്യാസം എത്ര ജില്ലകളിലാണ് നടപ്പിലാക്കിയത്?

(A) 66
(B) 72
(C) 68
(D) 82

58. ഒരു തൊഴിലിലോ മറ്റേതെങ്കിലും രംഗത്തോ വിജയിക്കുന്നതിനുള്ള ശക്യതയാണ് :

(A) അഭിപ്രേരണ
(B) അഭിക്ഷമത
(C) അഭിഭാവം
(D) ശ്രദ്ധ



Join PSC WhatsApp Broadcast List : 90747 20773

59. സാമാന്യജനതയുടെ വിദ്യാഭ്യാസത്തിന്റെ ബാധ്യത ഗവണ്മെന്റ് ഏറ്റെടുക്കണമെന്ന് ശുപാർശ ചെയ്തത് :

(A) ഹാർട്ടോഗ് കമ്മിറ്റി
(B) ഹണ്ടർ കമ്മീഷൻ
(C) മെക്കാളെ മിനിറ്റ്സ്
(D) വുഡ്സ് ഡെസ്പാച്ച്

60. NCERT - യുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്ന സ്ഥാപനമാണ് :

(A) NIE
(B) SEERT
(C) NBSE
(D) SDE

61. ശീതോഷ്ണ സ്വയം നിയന്ത്രണ യന്ത്രം പോലെ പ്രവർത്തിക്കുന്ന ശരീരഭാഗമാണ് :

(A) കരൾ
(B) ഹൃദയം
(C) ഹൈപ്പോത്തലാമസ്
(D) ശ്വാസകോശം

62. സ്പിയർമാൻ ആവിഷ്ക്കരിച്ച ബുദ്ധി സിദ്ധാന്തമാണ് :

(A) ഏക ഘടക സിദ്ധാന്തം
(B) ദ്വിഘടക സിദ്ധാന്തം
(C) ത്രിമുഖ സിദ്ധാന്തം
(D) ബഹുമുഖ ബുദ്ധി

63. REPA – യുടെ പൂർണ്ണരൂപമാണ് :

(A) Report on Elementary Pupils Act
(B) Reserved Employees Protection Act
(C) Report on Employees Protection Act
(D) Right to Education Protection Authority

64. ഇന്ത്യാ ഗവണ്മെന്റ് ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് പ്രോഗ്രാമിന്റെ ഭാഗമായി 1975-ൽ ആരംഭിച്ചതെന്ത്?

(A) ബാലവാടി
(B) അംഗനവാടി
(C) നഴ്സറി
(D) പ്ലേസ്കൂൾ

65. ഇന്ത്യയിലെ നാലു ജാതികളെ കുറിച്ചു സൂചിപ്പിച്ചിരിക്കുന്നത് :

(A) ഋഗ്വേദത്തിൽ
(B) സാമവേദത്തിൽ
(C) യജുർവേദത്തിൽ
(D) അഥർവ്വവേദത്തിൽ

66. ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങളുടെ മേൽനോട്ട ചുമതല വഹിക്കുന്നതാരാണ്?

(A) ഡി.ഡി.ഇ.
(B) ഡി.ഇ.ഒ.
(C) എ.ഇ.ഒ.
(D) ഡയറ്റ്



Join PSC WhatsApp Broadcast List : 90747 20773

67. ഡി.പി.ഇ.പി. പദ്ധതിക്ക് ധനസഹായം നൽകിയിരിക്കുന്നത് :

(A) അമേരിക്ക (B) കേന്ദ്ര സർക്കാർ

(C) യു.ജി.സി. (D) ലോക ബാങ്ക്

68. ഇതിൽ ഏതു ജില്ലയിലാണ് പട്ടികജാതി വികസന ഡിപ്പാർട്ടുമെന്റിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഇല്ലാത്തത് :

(A) തൃശ്ശൂർ (B) കണ്ണൂർ

(C) പാലക്കാട് (D) കോഴിക്കോട്

69. ഓപ്പറന്റ് കണ്ടീഷനിംഗ് വഴിയാണ് ഏതു ചേഷ്ടയും കുട്ടി പഠിച്ചെടുക്കുന്നതെന്ന അനുമാനം ആരുടേതാണ്?

(A) സ്കിന്നർ (B) ചോംസ്കി

(C) ബ്രൂണർ (D) വൈഗോട്സ്കി

70. 'How Gertrude teaches her children' - ആരുടെ കൃതിയാണ്?

(A) ബീനേ (B) പെസ്റ്റലോസി

(C) ഗാർഡ്നെർ (D) വാട്സൻ

71. നിയാസിൻ എന്നത് ഏതു ജീവകമാണ്?

(A) ബി 1 (B) ബി 12

(C) ബി 3 (D) ബി 6

72. സ്കൂളിൽ 750 കുട്ടികൾക്കു മുകളിലുണ്ടെങ്കിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയിൽ എത്ര അംഗങ്ങൾ വേണം?

(A) 16 (B) 25

(C) 18 (D) 20

73. 'ടാക്സോണമി'യുമായി ബന്ധപ്പെട്ട പേര് :

(A) ബെഞ്ചമിൻ ബ്ലൂം (B) ഹങ്ങ്ടൺ

(C) സിംപ്സൺ (D) ആർ.എച്ച്. ദാവെ

74. ശ്രമ-പരാജയ നിയമം ആവിഷ്കരിച്ചതാര്?

(A) കൊയ്ലർ (B) തോണ്ടൈക്ക്

(C) ബന്ദൂര (D) ഹർലോക്ക്

75. പ്രസിദ്ധ ദാർശനികനും പ്രഭാഷകനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന ജിദ്ദു കൃഷ്ണമൂർത്തി ജനിച്ച സ്ഥലം ഏത്?

(A) തഞ്ചാവൂർ (B) കുച്ചിപ്പുടി

(C) മദനപ്പള്ളി (D) കുടക്



Join PSC WhatsApp Broadcast List : 90747 20773

76. കിന്റർഗാർട്ടന്റെ സ്ഥാപകൻ ആരാണ്?
    (A) ജോൺ ഡ്യൂയി
    (B) മോണ്ടിസ്സോറി
    (C) റൂസ്സോ
    (D) ഫ്രോബൽ

77. കൊഴുപ്പിൽ ലയിക്കുന്ന ജീവകമാണ് :
    (A) ജീവകം എ
    (B) ജീവകം ബി
    (C) ജീവകം ഇ
    (D) ജീവകം ഡി

78. വൈകാരികബുദ്ധിയുടെ ഉപജ്ഞാതാവാര്?
    (A) ഗാർഡ്നെർ
    (B) ഡാനിയൽ ഗോൾമാൻ
    (C) പാവ്ലോവ്
    (D) ആൽഫ്രഡ്ബീനേ

79. 'ദിവാസ്വപ്നം' ആരുടെ കൃതിയാണ്?
    (A) ഗിജ്ജുഭായ് ബധേക്ക
    (B) ടാഗോർ
    (C) ഡോ. അംബേദ്ക്കർ
    (D) മഹാത്മാഗാന്ധി

80. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഓർഗൻ ഏത്?
    (A) കരൾ
    (B) ഹൃദയം
    (C) മസ്തിഷ്കം
    (D) ത്വക്ക്

81. ദൃശ്യസ്ഥലപരബുദ്ധിക്കുദാഹരണമാണ് :
    (A) പ്രഭാഷകൻ
    (B) നാവികൻ
    (C) സാമൂഹിക പ്രവർത്തകൻ
    (D) അത്‌ലറ്റ്

82. 1951-ൽ യുനെസ്കോയുടെ വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായ സ്ഥലം :
    (A) ഹാംബർഗ്
    (B) ന്യൂയോർക്ക്
    (C) ചിക്കാഗോ
    (D) ബ്യൂണസ് അയേഴ്സ്

83. എല്ലാ അധാർമ്മിക പ്രവർത്തനങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്നത് ഇതാണ് :
    (A) ഈഗോ
    (B) ഇഡ്
    (C) സൂപ്പർ ഈഗോ
    (D) ഈർഷ്യ

84. ഇന്റർനാഷണൽ കമ്മിറ്റി ഓഫ് ദി റെഡ് ക്രോസ്സിന് (ICRC) എത്ര പ്രാവശ്യം സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിട്ടുണ്ട്?
    (A) 1
    (B) 2
    (C) 3
    (D) 4



Join PSC WhatsApp Broadcast List : 90747 20773

85. ഭാഗങ്ങളുടെ ആകെത്തുകയെക്കാൾ കൂടുതലാണ് സമഗ്രത എന്ന അടിസ്ഥാനതത്വത്തെ വിശദീകരിക്കുന്നത് :

(A) ഫല നിയമം
(B) സന്നദ്ധതാ നിയമം
(C) അഭ്യാസ നിയമം
(D) ഫൈ-പ്രതിഭാസം

86. മാക്മില്ലൻ സിസ്റ്റേഴ്സ് ഇംഗ്ലണ്ടിൽ ഓപ്പൺ എയർ നഴ്സറി സ്കൂൾ ആന്റ് ട്രെയിനിംഗ് സെന്റർ തുടങ്ങിയ വർഷം :

(A) 1911
(B) 1888
(C) 1891
(D) 1902

87. അഞ്ചാംതരത്തിൽ പഠിക്കുന്ന കുട്ടി ജീൻ പിയാഷെയുടെ ഏതു വികാസഘട്ടത്തിലായിരിക്കും?

(A) ഇന്ദ്രിയചാലക ഘട്ടം
(B) രൂപാത്മക മനോവ്യാപാര ഘട്ടം
(C) മനോവ്യാപാരപൂർവ്വ ഘട്ടം
(D) ഔപചാരിക മനോവ്യാപാര ഘട്ടം

88. താഴെ പറയുന്നവയിൽ വ്യവസ്ഥാപിത പൂർവ്വതലം ഏത്?

(A) സംഘമാനദണ്ഡങ്ങളോടുള്ള ആയോജനഘട്ടം
(B) സാമൂഹികനിയമങ്ങളോട് ആയോജനം പുലർത്തുന്ന ഘട്ടം
(C) സാർവ്വലൗകിക സാന്മാർഗ്ഗിക സിദ്ധാന്തങ്ങളോട് ആയോജനം പുലർത്തുന്ന ഘട്ടം
(D) ശിക്ഷയിൽ നിന്നും രക്ഷപ്പെടാനുള്ള അനുസരണഘട്ടം

89. എഡ്യൂക്കേഷൻ എന്ന പദത്തിന്റെ ഉത്ഭവം ഏതു ഭാഷയിൽ നിന്നാണ്?

(A) ഇംഗ്ലീഷ്
(B) ഹീബ്രു
(C) ലാറ്റിൻ
(D) ഗ്രീക്ക്

90. കുട്ടികൾക്ക് വിദ്യാലയത്തിൽ നിദേശനം നൽകേണ്ടത് ആരാണ്?

(A) അദ്ധ്യാപകൻ
(B) സ്കൂൾ കൗൺസിലർ
(C) ഗസ്റ്റ് ടീച്ചർ
(D) ഹെഡ്മാസ്റ്റർ

91. 'പബ്ജ' എന്ന കർമ്മം ഏതു കാലത്തെ വിദ്യാഭ്യാസത്തിന്റെ പ്രത്യേകതയായിരുന്നു?

(A) മുഗൾ ഭരണകാലം
(B) വൈദികകാലം
(C) ബുദ്ധമതകാലം
(D) ജൈനമതകാലം

92. വൈജ്ഞാനികഘടന ആർജ്ജിച്ചെടുക്കുന്ന പുതിയ വൈജ്ഞാനികാംശമാണ് :

(A) ശ്രദ്ധ
(B) സ്മൃതി
(C) പഠനാന്തരണം
(D) സ്കീമ



Join PSC WhatsApp Broadcast List : 90747 20773

93. തുപ്പലിൽ അടങ്ങിയിരിക്കുന്ന ദഹനരസം ഏത്?
(A) തയാലിൻ
(B) തയാമിൻ
(C) ഗ്ലോബിൻ
(D) സ്പ്ലീൻ

94. കേരളത്തിൽ എം.എൽ.എൽ. പദ്ധതി ആരംഭിച്ച വർഷം :
(A) 1990
(B) 1994
(C) 1978
(D) 1996

95. ഓഷോ രജനീഷിന്റെ രചനയാണ് :
(A) മർദ്ദിതരുടെ വിദ്യാഭ്യാസം
(B) സോഷ്യൽ കോൺട്രാക്റ്റ്
(C) ജയിൽ കുറിപ്പുകൾ
(D) വിദ്യാഭ്യാസത്തിൽ വിപ്ലവം

96. താഴെപ്പറയുന്നവയിൽ ഏതാണ് ആന്റി ട്യൂബർകുലോസിസ് ഡേ?
(A) മാർച്ച് 14
(B) ഡിസംബർ 1
(C) മാർച്ച് 24
(D) സെപ്റ്റംബർ 29

97. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന സമിതിയാണ് :
(A) ബി.ആർ.സി.
(B) പി.ടി.എ.
(C) എസ്.എസ്.ജി.
(D) എസ്.ആർ.ജി.

98. 1993-ൽ പാർലമെന്റ് പാസ്സാക്കിയ ആക്ട് അനുസരിച്ച് ഇത് ഒരു സ്റ്റാറ്റ്യൂട്ടറി സമിതിയായിത്തീർന്നു. ഏത്?
(A) SCERT
(B) NEIPA
(C) NCTE
(D) CTE

99. വിദ്യാഭ്യാസമേഖലയിലെ സർക്കാർ ഇടപെടൽ പിൻവലിക്കലാണ് :
(A) കമ്പോളവത്കരണം
(B) ഉദാരവത്കരണം
(C) ആഗോളവത്കരണം
(D) സ്വകാര്യവത്കരണം

100. മലയാളത്തിൽ ബുദ്ധിശോധകങ്ങൾ തയ്യാറാക്കിയ മലയാളി :
(A) ഡോ. പി. ഗോപാലപിള്ള
(B) പി. ഗോവിന്ദപ്പിള്ള
(C) ജി. ശങ്കരപ്പിള്ള
(D) അപ്പു നെടുങ്ങാടി



Join PSC WhatsApp Broadcast List : 90747 20773